# "മുഖവരയിൽ നവയുഗമോ?"

യാഥാർത്ഥ്യത്തിന് തിരശ്ശീല ചാർത്തിക്കൊണ്ട് ലോകത്തെ ആകമാനം ചതിയുടെ പടുകുഴിയിൽ കഴുത്തോളം താഴ്ത്തിയ ആധുനികസംസ്കാരമാണ് ഇന്ന് നാം കാണുന്നത്. വന്യമൃഗങ്ങളെ വേട്ടയാടിയും ഗുഹകളിൽ പാർത്തും ജീവിച്ചിരുന്ന മനുഷ്യൻ ഇന്ന് വസിക്കുന്നത് സർഗ്ഗാത്മകതയുടെ പുത്തൻ കുത്തതയിലാണ്. 'അനന്തവിഹായസോളം വളർന്നു പന്തലിച്ച ആധുനികതയുടെ മായലോകത്ത്'

കാടുകളിൽ നിന്ന് നാടുകളിലേക്ക് പറന്നുയരാൻ സാധിച്ചതായിരുന്നു സാമൂഹിക വളർച്ചയുടെ അടിത്തറ പാകാൻ സഹായിച്ച പ്രധാന ഘടകം. കല്ലുകളുരച്ച് തീപ്പൊരി ഉയർന്നപ്പോൾ വിസ്മയം പൂണ്ടു നമ്മുടെ പൂർവ്വികർ! പിന്നീടങ്ങോട്ട് മനുഷ്യന്റെ വളർച്ച ലോകത്തെയാകമാനം പുളകം കൊള്ളിച്ചു. നാം ഇന്ന് കാണുന്ന ലോകത്തെ സൃഷ്ടിച്ചത് മനുഷ്യന്റെ സർഗ്ഗാത്മകതയിലൂടെയാണ്. മറ്റാർക്കും ഊഹിച്ചെത്താൻ പറ്റാത്തവണ്ണം ആധുനിക ലോകം ഇന്ന് വളർന്നു കഴിഞ്ഞിരിക്കുന്നു. മനുഷ്യന്റെ സർഗ്ഗാത്മകതയിലൂടെ ലോകത്തിനു ലഭിച്ച രത്നമാണ് "നിർമ്മിത ബുദ്ധി."

മനുഷ്യനെ പോലെ തന്നെ ചിന്തിക്കാനും പ്രവർത്തിക്കാനും തക്കവണ്ണം പരിശീലനം നടത്തിയാണ് ഇന്ന് നാം കാണുന്ന മെറ്റ, ചാറ്റ് ജി.പി.ടി, പോലുള്ള സംവിധാനങ്ങൾ നിർമ്മിച്ചിട്ടുള്ളത്. നിമിഷ വേഗത്തിൽ ലോകമെമ്പാടും ഇവ ഇന്ന് പ്രവൃത്തിക്കുന്നുണ്ട്.

മനുഷ്യമനസ്സുകളെ ആകർഷിക്കത്തക്ക വിധമാണ് ഇന്ന് കൃത്രിമ ബുദ്ധിയെ ക്രോഡീകരിച്ചിട്ടുള്ളത്. ജീവിതമെന്ന മത്സരത്തിൽ രണ്ടും കൂട്ടിമുട്ടിക്കാനുള്ള തിരക്കിലും ട്രെന്റിനൊപ്പം ഓടുന്ന സമൂഹത്തെ നമുക്ക് കാണാം. പ്രപഞ്ചത്തിലെ ഏതൊരു വസ്തുവിനെ പോലെ തന്നെ ഇവയ്ക്കും അനേകം നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. അറിവില്ലായ്മയും, അവസരങ്ങളില്ലായ്മയും മൂലം സമൂഹത്തിന്റെ കോണിൽ നിശ്ചലനായി നിർത്തപ്പെട്ടവർക്കും ആശ്വാസമാണ് ഇന്ന് കൃത്രിമ ബുദ്ധി. തൊഴിലവസരങ്ങളിലൂടെയും പുത്തൻ ജോലിസാധ്യതകളിലൂടെയും സമൂഹത്തെ വാർത്തെടുക്കാനായി ഇവ നടത്തുന്ന പങ്ക് ഏറെയുണ്ട്.

എന്നാൽ, ട്രെന്റിനൊപ്പം കുതിക്കുന്ന സമൂഹം അറിയുന്നില്ലല്ലോ തങ്ങൾ ചെന്നുപെട്ടിരിക്കുന്നത്

ചതിക്കുഴിയിലാണെന്ന്. ഇത്തരം ആപ്ലിക്കേഷനുകൾ ഉപയോഗിക്കുമ്പോൾ താൻ വെട്ടുന്നത് തന്റെ കുഴിയാണെന്ന് അറിയാതെയാണ് കെണിയിൽ പെടുന്നത്. സ്വകാര്യതയും , പണവും നഷ്ടപ്പെടുന്നത് ഇത്തരം ചതിക്കുഴിയിൽ ചെന്നു വീഴുമ്പോൾ ആണ്.

മനുഷ്യസമൂഹത്തെയാകെ മനസ്സിലാക്കി കുതിക്കുകയാണിന്ന് കൃത്രിമ ബുദ്ധി. ആധുനിക സംസ്കാരത്തിനു തന്നെ കോട്ടം തട്ടുന്ന വിധത്തിലാണ് ഇന്ന് നാം കൃത്രിമ ബുദ്ധിയെ ഉപയോഗിക്കുന്നത്. വിജയഗാഥയിലേക്ക് കുതിക്കുന്ന സമൂഹത്തെ വേട്ടയാടുന്ന ആധുനികതയല്ല നമുക്ക് വേണ്ടത്.

ആധുനിക സംസ്കാരത്തിന്റെ കുത്തതയിലെ പടക്കളത്തിൽ നമ്മുടെ പടച്ചട്ടയാവേണ്ടത് നാം തന്നെയാണ്. അതിന് കോട്ടം വരുത്താത്ത വിധത്തിൽ നിർമിത ബുദ്ധി നാം ഉപയോഗിക്കരുത്. മനുഷ്യന്റെ സർഗ്ഗാത്മകതയിൽ നിന്ന് കോത്തിനാതമാനം അഭിമാനിക്കത്തക്ക വിധം നമുക്ക് ലഭിച്ച പടച്ചട്ടയെ കളത്തിൽ ഉപേക്ഷിക്കുകയല്ല നാം വേണ്ടത്. പകരം അവയെ നിധിയെന്ന പോൽ കാത്തുസൂക്ഷിക്കേണ്ടത് നാം തന്നെയാണ്.

യുവതയുടെ നന്മയ്ക്കായി ശരിയായ രീതിയിൽ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഇത്തരം സംവിധാനങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. തങ്ങളെ നിർമ്മിച്ച മനുഷ്യനെ തന്നെ കാർന്നുതിന്നുന്ന രക്തരക്ഷസ്സുകളെയല്ല വാർത്തെടുക്കേണ്ടത്. യുവജനങ്ങളുടെ വളർച്ചയ്ക്കായി ഒരു നല്ല സംവിധാനമാണ് നാം നൽകേണ്ടത്.

ഒരു വിഷവാതകമെന്നപോൽ സമൂഹത്തിൽ അള്ളിപ്പിടിച്ചു കിടക്കുന്ന ഇതിൽ കണ്ണികളായി നമ്മിൽ പടരാൻ കാത്തുനിൽക്കുന്ന അനേകം കോട്ടങ്ങളുണ്ട് നിർമ്മിത ബുദ്ധിക്ക്. എന്നാൽ അവയെ തിരിച്ചറിഞ്ഞ് തിരുത്തേണ്ടത് ഇന്ന് നമ്മുടെ ഉത്തരവാദിത്വമാണ്. മനുഷ്യന്റെ അനധികൃതമായ കടന്നുകയറ്റമാണ് നിർമ്മിത ബുദ്ധികളിലും ചതിയുടെ പടുകുഴികൾ വെട്ടിയത്. എന്നാൽ നാം മനസ്സിലാക്കേണ്ടതെന്തെന്നാൽ മനുഷ്യന്റെ വിചാരവിശേഷണങ്ങൾ ഒരിക്കലും ഒരു നിർമ്മിത ബുദ്ധിക്കും അനുകരിക്കാൻ സാധിക്കില്ലെന്നതാണ്.

ആധുനികലോകത്തെ പുത്തൻ സമൂഹം ഇന്ന് ചെന്നെത്തിയിരിക്കുന്നത് ഒരു മായാലോകത്താണ്. എന്നാൽ മായാലോകത്തെ മാന്ത്രികന്മാരുടെ മായാജാല വിദ്യകളിൽ തങ്ങളും കെട്ടിവീഴുന്ന സമൂഹം

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 • തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ
തിയ്യതി....................

Item Code: 643 Participant Code: 042

ചെന്നെത്തുന്നത് ചതിയുടെ പടുകുഴിയിലാണെന്നു മാത്രം. ലോകത്തെയാകെ വിസ്മരിപ്പിക്കുന്ന വിധത്തിൽ ഇന്ന് നിർമ്മിത ബുദ്ധി വളർന്നു പന്തലിച്ചുകഴിഞ്ഞിരിക്കുന്നു.

ഞൊടിയിടയിൽ മുഖവും എന്തിന് വസ്ത്രം പോലും മാറ്റി മനുഷ്യനെ അതൃഷ്ടനാക്കുകയാണിന്ന് നിർമ്മിത ബുദ്ധികൾ. എന്നാൽ പിന്നീട് അവ തങ്ങൾക്കു തന്നെ ദോഷമായി മാറുമെന്ന് ആരുമറിയുന്നില്ല. മനുഷ്യകുലത്തെയാകമാനം മുഖവരയിൽ നിർത്തിക്കൊണ്ട് വളർന്നു പന്തലിച്ച ശാസ്ത്ര സാങ്കേതിക ലോകം മനുഷ്യനിന്നൊരു അത്ഭുതമാണ്. സാങ്കേതികതയുടെ അത്ഭുത ലോകത്തെ കെട്ടിപ്പടുത്തത് മനുഷ്യന്റെ ബുദ്ധിയിൽ നിന്നാണെന്ന് ഉള്ളത് അവിശ്വസനീയമാണെങ്കിലും നാം അത് ഉൾക്കൊണ്ടേ മതിയാവൂ. കാരണം അതാണ് യഥാർത്ഥ്യം.

കണ്ണ് ചിമ്മി തുറക്കുന്ന വേഗത്തിലാണ് ഇന്ന് സാങ്കേതിക ലോകം പരിവർത്തനം ചെയ്തിടുന്നത്. സാങ്കേതികതയുടെ ഉൾക്കാമ്പു തേടി പോകുന്ന മനുഷ്യന്റെ അവിശ്വസനീയമായ പോതൽച്യം പ്രശംസനീയമാണ്. ഏത് പ്രായത്തെയും ആകർഷിച്ച് തങ്ങളിലേക്ക് അടുപ്പിക്കാനുള്ള കഴിവ്

ഇത്തരം സാങ്കേതിക വിദ്യകൾക്കുണ്ട്.

അതോടൊപ്പം തന്നെ മനുഷ്യകുലത്തെ അടിയുലയ്ക്കാനുള്ള കഴിവും ഇന്ന് നിർമ്മിത ബുദ്ധികൾക്കുണ്ട്. ജെമിനി, മെറ്റ, പോലുള്ള ആപ്ലിക്കേഷനുകളിൽ നാം അപ്‌ലോഡ് ചെയ്യുന്ന നമ്മുടെ തന്നെ ചിത്രങ്ങൾ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുംവിധം മാറ്റി മറിക്കാനുള്ള കഴിവ് ഇവയ്ക്കുണ്ടെന്ന് തിരിച്ചറിയാതെ നാം ചെന്നു വീഴുന്നു.

മനുഷ്യന്റെ നിസ്സഹായ അവസ്ഥയെ മുതലെടുക്കുന്ന തരത്തിൽ ഇന്ന് സാങ്കേതികതയുടെ മറുവശം മാറികഴിഞ്ഞ ദൃശ്യം ഇന്ന് വ്യക്തമാണ്. മനുഷ്യകുലത്തെ സംഹരിക്കാനെന്ന പോലെ ഇന്ന് സാങ്കേതികത വിദ്യ മാറിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യന്റെ തെറ്റായ ഉപയോഗങ്ങളാണ് ഇത്തരം പ്രശ്നങ്ങൾക്ക് വഴിവെച്ചത്. "അസാധ്യത്തെ സാധ്യമാക്കിയ മനുഷ്യന് ഇന്ന് ലഭിക്കുന്നത് പ്രതികൂലമായ അവസ്ഥകളാണ്." ഒരു നാണയം എന്ന പോൽ അനേകം ദോഷങ്ങളും, സാധ്യതകളും അടങ്ങുന്ന രണ്ടു ഭാഗങ്ങളുണ്ട് ഇന്ന് സാങ്കേതികവിദ്യക്ക്. ശാന്തമായി ഒഴുകികൊണ്ടിരുന്ന പുഴയിൽ അനാവശ്യമായി ചവറുകൾ എറിഞ്ഞ് കളങ്കപ്പെടുത്തി-

യത് നാം തന്നെയാണ്. നാം വരുത്തിവച്ചതാണ് ഇന്നി വിനാശങ്ങളൊക്കെയും. ശരിയായ രീതിയിൽ സാങ്കേതികതയെ പൂർണ്ണ സ്ഥിതിയിലെത്തിക്കാനായി പരിശ്രമിക്കേണ്ടത് നാം ഓരോരുത്തരും തന്നെയാണ്. അതിനായി സാങ്കേതികതയെ പുതുതലമുറയ്ക്കായി മാറ്റിയെടുക്കാനായി പ്രവർത്തിക്കേണ്ടത് നമ്മുടെ യുവതലയാണ്.

മാറുന്ന ലോകത്ത് മാറ്റത്തിന് മുൻപേ കുതിക്കുന്ന നവയുഗത്തിൽ നാം പാലിക്കേണ്ട ചില ലോകസാരങ്ങളുണ്ട്. ചതിയുടെ പടുകുഴിയിൽ നമ്മെ തള്ളിയിട്ട ലോകത്തിൽ ഉയർന്നെഴുന്നേറ്റ് വീണ്ടും സാങ്കേതികതയെ പുനരുജ്ജീവിപ്പിക്കേണ്ടത് നാം ഉൾപ്പെടുന്ന പുതുസമൂഹമാണ്. ആധുനിക ലോകത്തിൽ നമുക്ക് ലഭിച്ച വരദാനം ഇന്ന് നമ്മുടെ സംഹാരകനാവുന്ന കാഴ്ചയാണ് സമൂഹത്തിൽ. എന്നാൽ സർഗ്ഗാത്മകതയിലൂടെ താരതമ്യവിധേയമല്ലാതെ നമുക്ക് ലഭിച്ച രത്നത്തെ യാതൊരുവിധ കോട്ടദോഷങ്ങളില്ലാതെ വാഴ്ത്തേണ്ടത് ഇന്ന് നമ്മുടെ ജീവിതലക്ഷ്യം കൂടിയാണ്.